ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE: 05.10.2023** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിൽ അയ്യായിരത്തോളം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിട്ടു. മധ്യപ്രദേശിൽ 12,600 കോടി രൂപയുടെ പദ്ധതികൾക്കും തുടക്കം കുറിക്കും.

2. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം പുരോഗമിക്കുന്നു. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകനയോഗമാണ് നടക്കുന്നത്.

3. എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചുനിൽക്കുന്നതാണ് കേരളത്തിന്റെ ശക്തിയെന്ന് മന്ത്രി വി. അബ്ദുറഹിമാൻ.

4. വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണത്തിൽ തുടരന്വേഷണത്തിന് ഹൈക്കോടതി ഉത്തരവ്.

5. ഏഷ്യൻ ഗെയിംസിൽ വനിതാ അമ്പെയ്ത്ത് കോമ്പൗണ്ട് ടീം ഇനത്തിലും സ്ക്വാഷ് മിക്സഡ് ഡബിൾസിലും ഇന്ത്യയ്ക്ക് സ്വർണം. ബാഡ്മിന്റണിൽ എച്ച് എസ് പ്രണോയ് സെമിയിൽ.

6. ഐ.സി.സി പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് ഇന്ന് അഹമ്മദാബാദിൽ തുടക്കം. ആദ്യ മത്സരം ഇംഗ്ലണ്ടും ന്യൂസിലൻഡും തമ്മിൽ.

=======================================

## ഹെഡ് ലൈൻ-1

**പ്രധാനമന്ത്രി – സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ ജോധ്പൂരിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിട്ടു. അയ്യായിരത്തോളം കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. ഉച്ച തിരിഞ്ഞ് മധ്യപ്രദേശിലെത്തുന്ന പ്രധാനമന്ത്രി 12,600 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ഇരുസംസ്ഥാനങ്ങളിലുമായി 17,600 കോടിയിലേറെ രൂപയുടെ വിവിധ വികസന പദ്ധതികൾക്കാണ് അദ്ദേഹം തുടക്കമിടുന്നത്

========================================

## ഹെഡ് ലൈൻ-2

**മുഖ്യമന്ത്രി- അവലോകന യോഗം**

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ തുടങ്ങി. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗമാണ് ഇന്ന് നടക്കുന്നത്. മുഖ്യമന്ത്രിയും മന്ത്രിമാരും ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന മേഖലാ തലയോഗം ഭരണനേട്ടങ്ങൾ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാകാനും സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കാനും വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് ചേരുന്നത്.

========================================

## ഹെഡ് ലൈൻ-3

**മതവിഭാഗങ്ങൾ ശക്തി - അബ്ദുറഹിമാൻ**

എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചുനിൽക്കുന്നതാണ് കേരളത്തിന്റെ ശക്തിയെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ന്യൂനപക്ഷ സംഘടനാഭാരവാഹികളുടെ

യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് മതവിഭാഗങ്ങൾ തമ്മിൽ പരസ്പര സ്നേഹവും ഐക്യവും കേരളത്തിലുണ്ടെന്നും മന്ത്രി പറഞ്ഞു.

========================================

**ഹെഡ് ലൈൻ-4**

**വയലിനിസ്റ്റ് ബാലഭാസ്കർ**

വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണത്തിൽ ഹൈക്കോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടു. ബാലഭാസ്കറിന്റെ പിതാവ് നൽകിയ ഹർജിയിലാണ് ഉത്തരവ്. അപകട മരണത്തിൽ ഗൂഢാലോചന ഉണ്ടോയെന്ന് കണ്ടെത്താൻ കൂടുതൽ അന്വേഷണം നടത്തണമെന്ന് സിബിഐ യോട് നിർദ്ദേശിച്ച കോടതി മൂന്ന് മാസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നും ആവശ്യപ്പെട്ടു.

========================================

**ലോക അദ്ധ്യാപക ദിനം – (ഇൻട്രോ)**

ഇന്ന് ലോക അധ്യാപക ദിനം. ലോകമെമ്പാടുമുള്ള അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഓർമിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി എല്ലാ വർഷവും ഒക്ടോബർ അഞ്ച് ലോക അധ്യാപക ദിനമായി ആഘോഷിക്കുന്നു.

**മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡ് നേടിയ തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ജോസ് ഡി സുജീവ് ആകാശവാണി വാർത്തകളോട്...**

**(വോയിസ്...............)**

========================================

**മുതലപ്പൊഴി അപകടം**

തിരുവനന്തപുരത്ത് മുതലപ്പൊഴിയിൽ മത്സ്യബന്ധനത്തിന് പോകവേ തലയിൽ കപ്പി വീണ് മത്സ്യ തൊഴിലാളി മരിച്ചു. 38 വയസുള്ള പുതുക്കുറിച്ചി സ്വദേശി നൗഫലാണ് മരിച്ചത്. അപകടത്തെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

========================================

**മുഖ്യമന്ത്രി – കണ്ണൂർ**

മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡലമായ കണ്ണൂർ ധർമടത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന കുടുംബ യോഗങ്ങൾ നാളെ ആരംഭിക്കും. ചൊവ്വാഴ്ച വരെ നീളുന്ന പരിപാടിയിൽ 28 കേന്ദ്രങ്ങളിലെ കുടുംബ യോഗങ്ങളിൽ മുഖ്യമന്ത്രി പങ്കെടുക്കും. നാളെ പെരളശ്ശേരിയിലാണ് ആദ്യ യോഗം. സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കാനും ജനഹിതം മനസ്സിലാക്കാനും നടത്തുന്ന യോഗങ്ങൾ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും നടത്തും.

========================================

**എനർജി ക്ലബ്ബ്- കേരള**

വിദ്യാർഥികളിൽ ഊർജ സംരക്ഷണ ശീലം വളർത്തുന്നത് ലക്ഷ്യമിടുന്ന **'എനർജി ക്ലബ്ബ്- കേരള'** പദ്ധതിയുടെ ഉദ്ഘാടനം വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. കുട്ടികളിൽ ഊർജ-പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഇത്തരം ക്ലബ്ബുകൾ സഹായകമാകുമെന്നും ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഊർജ വിഭവങ്ങളെ വിവേകത്തോടെ ഉപയോഗിക്കുന്ന യുവതലമുറയെ വാർത്തെടുക്കാനാണ് ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

========================================

**ഇ.ഡി- സമയപരിധി**

കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ തൃശൂർ സഹകരണ ബാങ്ക് പ്രസിഡന്റും കേരളാ ബാങ്ക് വൈസ് പ്രസിഡന്റുമായ M.K. കണ്ണന് സ്വത്തുവിവരങ്ങൾ കൈമാറാൻ E.D അനുവദിച്ച സമയപരിധി ഇന്ന് അവസാനിക്കും. ആദായ നികുതി രേഖകൾ, സ്വയാർജിത സ്വത്തുക്കൾ, കുടുംബാംഗങ്ങളുടെ ആസ്തി വകകൾ എന്നിവ അറിയിക്കാനാണ് E.D നിർദേശം.

========================================

**ലക്ഷദ്വീപ് എം.പി – അപ്പീൽ**

വധശ്രമക്കേസിൽ കുറ്റക്കാരനാണെന്ന കവരത്തി ജില്ലാ കോടതിയുടെ ശിക്ഷാ വിധി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് മുൻ ലക്ഷദ്വീപ് M.P മുഹമ്മദ് ഫൈസൽ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. ഹർജി തിങ്കളാഴ്ച്ച സുപ്രീം കോടതി പരിഗണിക്കും.

========================================

**റെയിൽവേ ഗേറ്റ് പൊട്ടിവീണു**

ദേശീയ പാതയിൽ കണ്ണൂരിനും തലശ്ശേരിക്കുമിടയിലെ നടാൽ റെയിൽവേ ഗേറ്റ് അടയ്ക്കുന്നതിനിടെ പൊട്ടിവീണു. രാവിലെ 10 മണിയോടെയാണ് സംഭവം. വെൽഡിംഗ് ഇളകിയതാണ് ഗേറ്റ് പൊട്ടിവീഴാൻ കാരണമെന്നാണ് വിവരം. ഇതേ തുടർന്ന് വാഹനഗതാഗതം വഴി തിരിച്ചു വിട്ടു.

========================================

**ഇടുക്കി – (ഇൻട്രോ)**

നിയമസഭാ പരിസ്ഥിതി സമിതി ഇടുക്കിയിൽ സന്ദർശനം നടത്തി. മാലിന്യ സംസ്കരണം, കീടനാശിനികളുടെ നിയന്ത്രണം, പ്രകൃതി ദുരന്ത ജാഗ്രത തുടങ്ങിയവയുമായി ബന്ധപ്പെട് ജില്ലാ ഭരണകൂടത്തിന് സമിതി നിർദ്ദേശങ്ങൾ നൽകി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ .........**

=========================================

**നീതി ആയോഗ് ഇടുക്കി**

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം സംസ്ഥാനങ്ങളിലുടനീളം ജില്ലകൾ തോറും നടപ്പാക്കുന്ന **നറിതി ആയോഗ്** പദ്ധതിയുടെ അഴുത ബ്ലോക്ക് തല ഉദ്ഘാടനം വണ്ടിപ്പെരിയാർ സി.എച്ച്.സിയിൽ നടന്നു. ആരോഗ്യം, വ്യവസായം, കാർഷിക - സാമ്പത്തിക ഭദ്രത തുടങ്ങിയവയിൽ പിന്നാക്കം നിൽക്കുന്ന രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലാണ് നിതി ആയോഗ് പദ്ധതി നടപ്പാക്കുന്നത്.

=========================================

**ഗതാഗത നിരോധനം**

ഇടുക്കി കുമളി വണ്ടൻമേട് -കമ്പംമെട്ട് റോഡിൽ പഴയകൊച്ചറ ഭാഗത്ത് ഇന്റർ ലോക്കിംഗ് പ്രവൃത്തി നടക്കുന്നതിനാൽ ഇന്ന് മുതൽ ശനിയാഴ്ച വരെ ഗതാഗതത്തിന് നിരോധനം ഏർപ്പെടുത്തി. കമ്പംമെട്ടിൽ നിന്നും കട്ടപ്പന ഭാഗത്തേക്കുള്ള വാഹനങ്ങൾ പുളിയന്മല കമ്പംമെട്ട് റോഡ് വഴിയും, വണ്ടന്മേട്, പുറ്റടി, കുമളി ഭാഗത്തേക്കുള്ള വാഹനങ്ങൾ പുറ്റടി മന്തിപ്പാറ റോഡിലൂടെയും, ആമയാറിൽ നിന്നും കമ്പംമെട്ടിനു പോകുന്ന വാഹനങ്ങൾ ചേറ്റുകുഴിയിൽ നിന്നും ഇടത്ത് തിരിഞ്ഞു നിരപ്പേൽക്കുട വഴിയും പോകണമെന്ന് അധികൃതർ അറിയിച്ചു.

=========================================

**അതിരപ്പള്ളി – അപകടം**

അതിരപ്പള്ളിയിൽ കടയിലേക്ക് കാർ പാഞ്ഞു കയറി രണ്ട് പേർക്ക് പരിക്കേറ്റു. അതിരപ്പള്ളി വെറ്റിലപ്പാറ ജംഗ്ഷനിൽ രാവിലെ ഏഴോടെയായിരുന്നു അപകടം. വെറ്റിലപ്പാറ സ്വദേശികൾക്കാണ് പരിക്കേറ്റത്.

=========================================

**കടുവ ആക്രമണം – കോട്ടയം**

കോട്ടയം ഇടുക്കി ജില്ലയുടെ അതിർത്തിയിലുള്ള മുണ്ടക്കയം സ്വകാര്യ  എസ്റ്റേറ്റിൽ കടുവാ ആക്രമണം വളർത്തു മൃഗങ്ങളെ കടുവ പിടിച്ചു.

========================================

**കൊല്ലം ദേശീയപാത**

ദേശീയപാത 183 ന്റെ അലൈൻമെന്റിന് കേന്ദ്ര ദേശീയപാത - റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായി എൻ.കെ. പ്രേമചന്ദ്രൻ എം.പി അറിയിച്ചു. കൊല്ലം ഹൈസ്കൂൾ ജംഗ്ഷനിൽ നിന്നാരംഭിച്ച് തേനി വരെയുള്ള റോഡിനാണ് അംഗീകാരം ലഭിച്ചത്.  ദേശീയപാത 83-ലെ തേനിയും ദേശീയപാത 66-ഉം തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ദേശീയപാത 183. ബ്ലാക്ക് സ്പോട്ടുകൾ ഒഴിവാക്കിയും കൊടും വളവുകൾ നിവർത്തിയും ഗ്രേഡിംഗ് വർദ്ധിപ്പിച്ചുമാണ് വികസനം സാദ്ധ്യമാക്കുന്നത്.

========================================

**പത്തനംതിട്ട – പട്ടയം**

പത്തനംതിട്ട  പെരുമ്പെട്ടി മണിമല വില്ലേജുകളിലെ 1198 കുടുംബങ്ങൾക്ക് കേരള ഭൂമി പതിവ് നിയമം അനുസരിച്ച് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് പൊന്തൻപുഴ സമരസമിതി പ്രമോദ് നാരായണൻ എം.എൽ.എയുടെ ഓഫീസിലേക്ക് മാർച്ച് നടത്തി.  പത്തനംതിട്ട ജില്ലയിലെ 6,362 പട്ടയങ്ങൾ നൽകാൻ തടസ്സമായിരിക്കുന്നത് പെരുമ്പെട്ടിയിലെ 414 കർഷകരുടെ ഭൂമി വനം എന്ന് തെറ്റായി പട്ടികയിൽ ഉൾപ്പെടുത്തിയതിനാലാണെന്നും ഈ തെറ്റ് തിരുത്തിയാൽ ലോക്സഭാ തിരഞ്ഞെടുപ്പിന് മുൻപായി പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്നും സമരസമിതി പ്രവർത്തകർ പറയുന്നു.

========================================

**ശിൽപ്പശാല**

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ജലസംരക്ഷണ സാങ്കേതിക സമിതിയുടെ രണ്ട് ദിവസത്തെ ശിൽപ്പശാല നാളെ കോവളം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ തുടങ്ങും. സംസ്ഥാനത്ത് ജലദൗർലഭ്യം ഉണ്ടാകുമെന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ വരൾച്ച മുന്നിൽ കണ്ടുകൊണ്ടുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ലക്ഷ്യമിട്ടാണ് ശിൽപ്പശാല സംഘടിപ്പക്കുന്നത്.

========================================

**വടകര - ഒഞ്ചിയം കെ.എസ്.ആർ.ടി.സി**

കണ്ണൂക്കര-ഒഞ്ചിയം വില്യാപ്പള്ളി-വടകര റൂട്ടിലേക്ക് പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി ബസ് സർവീസ് തുടങ്ങി. മണിയൂർ പ്രദേശത്തെ ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഇതേ ബസിന്റെ ഒരു റൂട്ട് വടകര - മണിയൂർ ഭാഗത്തേക്കും ഉണ്ടെന്ന് കെ കെ രമ എം.എൽ.എ പറഞ്ഞു. രാവിലെയും വൈകുന്നേരവുമായി മൂന്നോളം ട്രിപ്പുകളാണ് വടകര-കണ്ണൂക്കര ഭാഗങ്ങളിലേക്ക് ഉണ്ടാവുക.

========================================

**വർണ്ണക്കൂടാരം ഉദ്ഘാടനം നാളെ**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും മൂവാറ്റുപുഴ ബി.ആർ. സിയുടെയും നേതൃത്വത്തിൽ കടാതി എൽ.പി സ്കൂളിൽ നടപ്പാക്കുന്ന **വർണ്ണക്കൂടാരം** പദ്ധതിയുടെ ഉദ്ഘാടനം നാളെ. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം നിർവഹിക്കും. മാത്യു കുഴൽനാടൻ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.

========================================

### ഹെഡ് ലൈൻ-5

**ഏഷ്യൻ ഗെയിംസ് – ഇന്ന്**

ഏഷ്യൻ ഗെയിംസിൽ വനിതാ അമ്പെയ്ത്ത് കോമ്പൗണ്ട് ടീം ഇനത്തിലും സ്ക്വാഷ് മിക്സഡ് ഡബിൾസിലും ഇന്ത്യയ്ക്ക് സ്വർണം. ഇന്ത്യൻ താരങ്ങളായ ജ്യോതി വെന്ന, പർനീത് കൗർ, അദിതി സഖ്യം ചൈനീസ് താരങ്ങളെ തോൽപിച്ചാണ് അമ്പെയ്ത്തിൽ സ്വർണം സ്വന്തമാക്കിയത്. സ്ക്വാഷിൽ ദീപിക പള്ളിക്കൽ - ഹരീന്ദർ സഖ്യം ഇന്ത്യക്ക് വേണ്ടി സ്വർണ്ണം നേടി. ഇതോടെ ഇന്ത്യയുടെ സ്വർണനേട്ടം 20 ആയി. ഇന്ത്യ നാലാം സ്ഥാനത്ത് തുടരുന്നു.

========================================

**പി വി സിന്ധു**

ഏഷ്യൻ ഗെയിംസ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പി വി സിന്ധുവിന് തോൽവി. ഇന്ന് നടന്ന മത്സരത്തിൽ ചൈനീസ് താരത്തോടാണ് സിന്ധു തോറ്റ് പുറത്തായത്. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ എച് എസ് പ്രണോയ്ക്കു ജയം. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് പ്രണോയ് സെമിയിൽ കടന്നത്.

========================================

### ഹെഡ് ലൈൻ-6

**ലോകകപ്പ് ക്രിക്കറ്റ്**

ഐ.സി.സി പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ഗുജറാത്തിൽ അഹമ്മദാബാദിലെ മൊടെരയിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ഉദ്ഘാടന മത്സരം. ഇംഗ്ലണ്ടും ന്യൂസിലൻഡും തമ്മിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് ആദ്യ മത്സരം ആരംഭിക്കുന്നത്.
ഈ മാസം 14 ന് ഇന്ത്യ-പാകിസ്ഥാൻ മത്സരത്തിന് വേദിയാകുന്നതും ഇവിടെയാണ്. ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് കനത്ത സുരക്ഷയാണ് സ്റ്റേഡിയത്തിലും അഹമ്മദാബാദ് നഗരത്തിലും ഏർപ്പെടുത്തിയിട്ടുള്ളത്.

==================================================